**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1698** **12-09-2023 - ൽ മറുപടിയ്ക്ക്**

**കുന്നത്തുനാട് മണ്ഡലത്തിലെ കൃഷിഭവനുകളുടെ അടിസ്ഥാന സൗകര്യ വികസനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി.വി. ശ്രീനിജിൻ | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | കുന്നത്തുനാട് മണ്ഡലത്തിലെ കൃഷിഭവനുകളുടെ അടിസ്ഥാനസൗകര്യ വികസനത്തിനായി നടപ്പിലാക്കി വരുന്ന പദ്ധതികൾ ഏതൊക്കെയാണെന്നും ഇതിനായി എത്ര തുക വകയിരുത്തിയിട്ടുണ്ടെന്നും അറിയിക്കാമോ; | (എ) | കുന്നത്തുനാട് മണ്ഡലത്തിലെ കുന്നത്തുനാട് കൃഷി ഭവനെ സ്മാർട്ട് കൃഷി ഭവനായി ഉയർത്തുന്നതിന് , നബാർഡിന്റെ സാമ്പത്തിക സഹായത്തോടെ നടപ്പിലാക്കുന്ന ആർ.ഐ.ഡി.എഫ്. ട്രാഞ്ചെ 27 പദ്ധതിയിൽ ഉൾപ്പെടുത്തി ജി.ഒ.(ആർ.റ്റി)നം.296/2022 തീയതി 08/04/2022 പ്രകാരം 213.70 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. |
| (ബി) | പ്രസ്തുത കൃഷി ഭവനെ സ്മാർട്ട് കൃഷിഭവനാക്കി മാറ്റുന്നതിന് എന്തെല്ലാം പ്രവൃത്തികളാണ് വിഭാവനം ചെയ്തിട്ടുള്ളതെന്ന് വിശദമാക്കാമോ; | (ബി) | പ്രസ്തുത കൃഷി ഭവനെ സ്മാർട്ട് കൃഷിഭവനാക്കി മാറ്റുന്നതിന് വിഭാവനം ചെയ്തിട്ടുള്ള പ്രവൃത്തികൾ ചുവടെ ചേർക്കുന്നു.<br><br>1.കൃഷി ഭവൻ കെട്ടിട നിർമ്മാണം<br><br>2.ഡിജിറ്റലൈസേഷനും വിവര ശേഖരണവും<br><br>3.പ്ലാന്റ് ഹെൽത്ത് ക്ലിനിക്ക്, പെസ്റ്റ്-ഡിസീസ് അഡ്വൈസറി സിസ്റ്റം<br><br>4.ഐ.റ്റി. ഇൻഫ്രാസ്ട്രക്ചർ<br><br>5.കർഷകർക്കുള്ള സ്മാർട്ട് കാർഡ് -AIMS പോർട്ടൽ ക്യാമ്പെയിൻ സംവിധാനം<br><br>6.ഇൻഫർമേഷൻ &ഫ്രണ്ട് ഓഫീസ് സംവിധാനം<br><br>7.നേഴ്സറികളുടെ നെറ്റ് വർക്കിംഗ് സിസ്റ്റം-ഇ-ബില്ലിംഗ്, ഇൻവോയ്സ്<br><br>8.ഓൺലൈൻ ഡിജിറ്റൽ മീഡിയ ലൈബ്രറി<br><br>9.ഓൺലൈൻ ആഡിറ്റിംഗ് സിസ്റ്റം<br><br>10.ഗ്രീൻഹൗസ് നിർമ്മാണവും ഇറിഗേഷൻ ഫെസിലിറ്റി സംവിധാനവും<br><br>11.മാർക്കറ്റിംഗ് സ്ട്രക്ചർ |

| | | | |
|---|---|---|---|
| (സി) | പ്രസ്തുത പ്രവൃത്തികളുടെ നിലവിലെ സ്ഥിതി എന്താണെന്നും പദ്ധതി എപ്പോൾ പൂർത്തീകരിക്കാനാകുമെന്നും അറിയിക്കാമോ? | (സി) | പദ്ധതിയുടെ ടെണ്ടറിംഗ് നടപടി പൂർത്തീകരിച്ച് നിർമ്മാണ കരാർ നൽകിയിട്ടുണ്ട്. ഒരു വർഷത്തിനുള്ളിൽ നിർമ്മാണം പൂർത്തീകരിക്കുന്നതിനാണ് ലക്ഷ്യമിടുന്നത്. |

സെക്ഷൻ ഓഫീസർ